പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1305

7.06.2018-ൽ മറുപടിക്ക്

## ചാലക്കുടിപ്പുഴയിലെ എടത്രക്കാവ് കടവ് പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) മുൻ ബഡ്ജറ്റിൽ അനുവദിച്ച പരിയാരം, മേലൂർ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള ചാലക്കുടിപ്പുഴയിലെ എടത്രക്കാവ് കടവിൽ പാലം ഇനിയും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി). നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;<br>(സി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി എടത്രക്കാവ് പാലം നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) & (സി) കിഫ്ബി 2016-17-ൽ ഉൾപ്പെട്ട എടത്തറക്കാവ് കടവ് പാലത്തിന് ടെൻന്റേറ്റീവ് ഡിസൈൻ ഡ്രോയിംഗ് പ്രകാരം എസ്റ്റിമേറ്റ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 10.28 കോടി രൂപയ്ക്ക് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. (APR-1/76/2017/KIIFB dated 21/08/2017) ജനറൽ ഡിസൈൻ ഡ്രോയിംഗ് ലഭ്യമാക്കുന്നതിനായി ഡിസൈൻ വിംഗ് ആവശ്യപ്പെട്ടിട്ടുള്ള പാലത്തിന്റെ മുകളിലൂടെ കടന്നുപോകുന്ന ഹൈടെൻഷൻ ലെയിനിന്റെ വെർട്ടിക്കിൾ ക്ളിയറൻസ് ലഭ്യമാക്കുന്നതിനായി Power Grid Corporation India Limited 400 kv Sub Station, Vellanikara, Madakkathara, Thrissur ന് അപേക്ഷ നൽകിയിട്ടുണ്ട്. അവരുടെ റീജിയണൽ/കോർപ്പറേറ്റ് എഞ്ചിനീയറിംഗ് വിംഗ് സ്ഥലം പരിശോധിച്ച് ടെക്നിക്കൽ ഫീസിബിസിറ്റി ലഭ്യമായതിനുശേഷം ആവശ്യപ്പെട്ട വിവരങ്ങൾ നൽകാമെന്ന് Power Grid Corporation India Limited അറിയിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി തൃശ്ശൂർ ജില്ലാ |

കളക്ടർക്ക് അർത്ഥന സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിയമിച്ച സ്പെഷ്യൽ തഹസീൽദാർ എൽ.എ യുടെ നിർദ്ദേശ പ്രകാരം സ്ഥലത്തിന്റെ അതിർത്തി മാർക്ക് ചെയ്യുന്നതിനുള്ള 1.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭാഗീക സാങ്കേതിക അനുമതിയ്ക്കായി കേരള റോഡ് ഫണ്ട് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കേണ്ട നടപടികൾ പുരോഗമിക്കുന്നു. മേൽ പ്രവൃത്തികൾ പൂർത്തിയായാൽ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിയ്ക്കായി KIIFB യിൽ സമർപ്പിക്കുവാൻ സാധിക്കും.

S. Bindu
സെക്ഷൻ ഓഫീസർ